പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2157 — 8.12.2014-ൽ മറുപടിയ്ക്ക്

## സ്കൂൾ കോളേജ് പാഠ്യ പദ്ധതിയിൽ വനം പരിസ്ഥിതി പാഠം ഉൾപ്പെടുത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് സമ്മർദ്ദം ചെലുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ | എ) | പരിസ്ഥിതി പഠനം സംബന്ധിച്ചുള്ള വിവരങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമാണ്. ഈ വിഷയം വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| ബി) | വനം പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികളിൽ അവബോധം വളർത്തുന്നതിൽ വകുപ്പ് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | ബി) | സ്കൂൾ കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ ഇക്കോ കേഡറ്റ് പദ്ധതി, ഫോറസ്ട്രീ ക്ലബ് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള വിവിധതരം മത്സരങ്ങൾ വിദ്യർത്ഥികൾക്കായി സംഘടിപ്പിച്ചു വരുന്നു. ഇതിനുപുറമേ സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രകൃതി പഠന ക്യാമ്പും നടത്തിവരുന്നു. |
| സി) | വനം പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും കൂടുതലായി ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ? | സി) | വനം പരിസ്ഥിതി പഠനം സംബന്ധിച്ച് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെടുത്തി പുതിയ കോഴ്സുകളും റിസർച്ച് സെന്ററുകളും ആരംഭിക്കുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും യൂണിവേഴ്സിറ്റികളും തമ്മിൽ ആലോചിച്ചു തീരുമാനിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ